# പാഠം 8

ഇനി ജ എന്ന അക്ഷരം പഠിക്കുക.
നാം പല കാര്യങ്ങൾക്കും വേണ്ടി ക്ലേശിക്കുന്നവരാണ്. ക്ലേശം, അദ്ധ്വാനം എന്നീ വാക്കുകൾ നമുക്ക് നല്ല പരിചയമുള്ളവയാകുന്നു. നമുക്കതിന് അറബിയിൽ **ജുഹ്ദ്** എന്നു പറയാം. ജുഹ്ദ് എന്നാൽ ത്യാഗം, പരിശ്രമം, അദ്ധ്വാനം എന്നൊക്കെയാണ് അർഥമാക്കുന്നത്. ഈ വാക്ക് ശരിക്ക് ഹൃദിസ്ഥമാക്കുക. എന്നിട്ടുവേണം എഴുതാൻ.

| جُ هْ دْ | ജുഹ്ദ് جُ هْ دْ | دْ | هْ | جُ |
|---|---|---|---|---|
| എഴുതുന്ന രൂപം | **പരിശ്രമം** | ദ് | ഹ് | ജു |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.

---

കപ്പം, കരം, നികുതി എന്നിവ സാധാരണ നാം ഉപയോഗിക്കുന്ന വാക്കുകളാകുന്നു. എല്ലാ ഭാഷകളിലും ഇതിന് വ്യത്യസ്ത വാക്കുകൾ നിലവിലുണ്ട്. അറബിയിൽ അതിന് **ജിസ്‌യ** എന്നു പറയുന്നു. ജിസ്‌യ = നികുതി എന്ന് മനസ്സിലുറപ്പിച്ച് എഴുതി ശീലിക്കുക.

| جِ زْ يَ ة | جِ زْ يَ ة | ة | يَ | زْ | جِ |
|---|---|---|---|---|---|
| എഴുതുന്ന രൂപം | നികുതി | ത് | യ | സ് | ജി |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

<u>**നിയമം:**</u> സ് (زْ) എന്ന അക്ഷരം മലയാളത്തിലെ സ പോലെയല്ല ഉച്ചരിക്കേണ്ടത്. ഇംഗ്ലീഷിലെ Z ന്റെ ഉച്ചാരണമാണതിനുള്ളത്. നാലാമത്തെ ത എന്ന അക്ഷരം ഉച്ചാരണത്തിൽ പ്രകടമാവുകയില്ല.

---

ഇനി അടുത്ത വാക്ക് നോക്കുക. സൈന്യമെന്ന് കേൾക്കാത്തവർ ഇല്ല. ഓരോ രാജ്യത്തിനുമുണ്ട് അവരുടേതായ സൈന്യം. രാഷ്ട്രസംരക്ഷണമാണ് ഓരോ സേനയുടെയും ചുമതല. സൈന്യം എന്നത് നാം മലയാളത്തിൽ ഉപയോഗിക്കുന്ന പേരാണ്. ഇനി അറബിയുടെ കാര്യം നോക്കാം. അറബിയിൽ സൈന്യത്തിന് **ജൈശ്** എന്നാണ് പറയുക. മറ്റു നാമങ്ങളുമുണ്ട്. നമ്മുടെ സൗകര്യത്തിന് നാം ജൈശ് എന്നാണ് പഠിക്കുന്നത്. ജൈശ് എന്നാൽ സൈന്യം എന്ന് മനസ്സിലുറപ്പിക്കുക. എന്നിട്ട് അത് എഴുതുക.

| جَ يْ شْ | ജൈശ് جَ يْ شْ | شْ | يْ | جَ |
|---|---|---|---|---|
| എഴുതുന്ന രൂപം | **സൈന്യം** | ശ് | യ് | ജ |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി: ഇവ പ്രത്യേകം എഴുതി പഠിക്കുക.

| | | |
|---|---|---|
| **ജുഹ്ദ്** | جُهْدْ | جُ هْ دْ |
| **ജിസ്‌യ** | جِزْيَة | جِ زْ يَ ة |
| **ജൈശ്** | جَيْشْ | جَ يْ شْ |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



**പരിശീലനം:**

1. ജയ് ഹിൻദ് എന്ന് എഴുതാൻ ശ്രമിക്കുക (ന എന്ന അക്ഷരം നേരത്തെ പഠിച്ചിട്ടുണ്ട്)
2. കഴുത്തിന് ജീദ് എന്നാണ് അറബിയിൽ പറയുന്നത്. അത് അറബിയിൽ എഴുതുക.